പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 325 08.06.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ :
" ടി.എൻ. പ്രതാപൻ :
" സണ്ണി ജോസഫ് :
" എം.പി. വിൻസെന്റ് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരികയുമാണ്. KTDFC-യിൽ നിന്നു മെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFCയിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ. ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. വായ്പാ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, KTDFCയിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ |

| | | | |
|---|---|---|---|
| | | | തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനു വദിക്കുന്നതിനു തീരുമാനമായിട്ടുണ്ട്. ഇതിൻ പ്രകാരം പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. യുടെ ആസ്തിമൂല്യം പുനർ നിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | പെൻഷൻ വിതരണം മുടങ്ങുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.12.2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുന. ക്രമീകരിച്ച് ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.<br>2. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം പരിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.<br>3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പ ആക്കി |

| | | | |
|---|---|---|---|
| | | | മാറ്റുക.<br>4. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.<br>5. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.<br>6. നിലവിലുള്ള സർക്കാർ വായ്പ ഇകിറ്റിയാക്കി മാറ്റുക.<br>7. ആസ്തിമൂല്യം നിർണ്ണയിക്കുക<br>8. കെ.എസ്.ആർ.ടി.സി.യെ ലാഭകരമായക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുക.<br>9. നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനക്രമീകരിക്കുക.<br>10.മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുക. |
| (സി) | കെ.എസ്.ആർ.ടി.സി.യടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | 1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുന.ക്രമീകരിച്ച് ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.<br>2. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം പരിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.<br>3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ |

| | | | |
|---|---|---|---|
| | | | പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പ ആക്കി മാറ്റുക. ഇതുവഴി പ്രതിമാസ വായ്പ തിരിച്ചടവ് 50 കോടിയിൽ നിന്നും 15-20 കോടി രൂപയായി കുറയ്ക്കാൻ കഴിയും.<br>4. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.<br>5. പെൻഷൻ വിതരണത്തിനായി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.<br>6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയാക്കി മാറ്റുക.<br>7. ആസ്തിമൂല്യം നിർണ്ണയിക്കുക |
| (ഡി) | എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 1. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിച്ചു.<br>2. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പ ആക്കി മാറ്റുക. ഇതുവഴി പ്രതിമാസ വായ്പ തിരിച്ചടവ് 50 കോടിയിൽ നിന്നും 15-20 കോടി രൂപയായി കുറയ്ക്കാൻ കഴിയും.<br>3. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതാണ്.<br>4. പെൻഷൻ വിതരണത്തിനായി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി പെൻഷൻ ചെലവിനത്തിലുള്ള കെ.എസ്. ആർ.ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു.<br>5. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുന്നതാണ്.<br>6. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കാൻ തീരുമാനമെടുക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ